**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 863** **31-01-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷനിൽ നിലവിൽ എത്ര സ്ഥിരം /താൽക്കാലികം /കരാർ / ഡെപ്യൂട്ടേഷൻ ജീവനക്കാർ ഉണ്ട്; കണക്കുകൾ ലഭ്യമാക്കാമോ; | (എ) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷനിൽ നിലവിൽ സ്ഥിരം തസ്തികകൾ ഇല്ല. എല്ലാ വർഷവും സർക്കാരിൽ നിന്നും കമ്മീഷനിലെ വിവിധ തസ്തികകൾക്ക് തുടർച്ചാനുമതി അനുവദിച്ച് വരുന്നുണ്ട്. 27.09.2023 -ലെ സ.ഉ.(സാധാ)നം.91/2023/ പി.വി.വി.വ. നമ്പർ ഉത്തരവ് പ്രകാരം 18 വിവിധ തസ്തികകൾക്ക് തുടർച്ചാനുമതി അനുവദിച്ചിട്ടുണ്ട്. ടി തസ്തികകളിൽ 9 തസ്തികകളിൽ സെക്രട്ടേറിയറ്റിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരും 8 തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരും ഒരു തസ്തികയിൽ പാർട്ട്ടൈം സ്വീപ്പർ ജീവനക്കാരിയും ജോലി ചെയ്തു വരുന്നു. ഇതിനു പുറമെ സർക്കാർ ഉത്തരവിന് വിധേയമായി ഒരു ഡ്രൈവർ കരാർ വ്യവസ്ഥയിലും സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ദിവസ വേതന അടിസ്ഥാനത്തിലും ജോലി ചെയ്തു വരുന്നു. |
| (ബി) | പിന്നാക്ക വിഭാഗ കമ്മീഷന്റെ ജില്ലാ ഓഫീസുകളുടെ പേരും അഡ്രസ്സും കോൺടാക്ട് നമ്പറും ഇമെയിൽ ഐഡിയും ലഭ്യമാക്കാമോ; | (ബി) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മിഷന് നിലവിൽ തിരുവനന്തപുരത്ത് പ്രവർത്തിച്ചു വരുന്ന ഹെഡ് ഓഫീസ് മാത്രമേയുള്ളൂ. ജില്ലാ ഓഫീസുകൾ ഇല്ല. |
| (സി) | സംസ്ഥാന ഓഫീസിലേക്ക് ഡെപ്യൂട്ടേഷനിൽ അയക്കുന്ന ജീവനക്കാരിൽ ഭൂരിഭാഗം പേരും പ്രതിപക്ഷ സംഘടനകളിൽപ്പെട്ടവരാണെന്ന വിവരം ബഹു. മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു വിശദമാക്കാമോ; | (സി) | ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ നിശ്ചയിക്കുന്നത് സംഘടനാടിസ്ഥാനത്തിലല്ല. |
| (ഡി) | സംസ്ഥാന ഓഫീസിന്റെ അഡ്രസ്സ്, ഫോൺ നമ്പർ, ഇമെയിൽ ഐഡി എന്നിവ ലഭ്യമാക്കാമോ; | (ഡി) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, |

| | | | |
|---|---|---|---|
| | | | കവടിയാർ പി.ഒ., തിരുവനന്തപുരം - 3 ഫോൺ : 0471 - 2319288, E-mail : cbckerala@gmail.com |
| (ഇ) | നിലവിൽ കമ്മിഷന്റെ ചെയർമാൻ, അംഗങ്ങൾ എന്നിവർ ആരൊക്കെയാണ് വ്യക്തമാക്കാമോ? | (ഇ) | ചെയർമാൻ - ജസ്റ്റിസ് ജി. ശശിധരൻ, അംഗങ്ങൾ - ഡോ. എ.വി. ജോർജ്ജ്, ശ്രീമതി. സുബൈദാ ഇസ്ഹാക്ക് |

സെക്ഷൻ ഓഫീസർ